I/67993/2022

**File No: TCPTSR/286/2022-C2**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്

ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം-തൃശ്ശൂർ

നടപടിക്രമങ്ങൾ

ഹാജർ: ശ്രീ. രാജീവ്.കെ.ആർ

ഫോൺ : 0487- 2363003

ഇ-മെയിൽ. tptsr.lsgdplng@kerala.gov.in

വിഷയം : തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ കോർപ്പറേഷൻ അരണാട്ടുകര വില്ലേജിൽ സർവേ നമ്പർ 37/p,39/p ൽ ഉൾപ്പെട്ട സ്ഥലത്ത് വിദ്യഭ്യാസ കെട്ടിട നിർമ്മാണം ലേ-ഔട്ട് അംഗീകാരം സംബന്ധിച്ച്

പരാമർശം : 1. ത്രേസ്യാ.വി.പി (മദർ സുപ്പീരിയർ) സെന്റ് ആൻസ് കോൺവെന്റ് എന്നവരുടെ 23/05/2022,24/06/2022 എന്നീ തീയതികളിലെ കത്തും അനുബന്ധങ്ങളും

2. തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയുടെ 27/07/2022 ലെ AYL/BA 254/20-21 നമ്പർ കത്ത്

3. തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയുടെ 25/07/2022 ലെ AYL/BA 174/21-22 നമ്പർ കത്ത്

4.ഈ ഓഫീസിൽ നിന്നും നൽകിയിട്ടുള്ള 08/09/2021 ലെ TCPTSR/102 /2021-C2 നമ്പർലേ-ഔട്ട് ഉത്തരവ്

---

**ഉത്തരവ് നമ്പർ :TCPTSR/ 286/2022-C2-Ddis   തിയ്യതി : 30-08-2022**

---

ലേ-ഔട്ട് നമ്പർ : 21/2022

തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ കോർപ്പറേഷൻ അരണാട്ടുകര വില്ലേജിൽ സർവേ നമ്പർ 37/p,39/p ൽ ഉൾപ്പെട്ട 6288 ച.മീറ്റർ വിസ്തൃതിയുള്ള സ്ഥലത്ത് 2799.27 m2 വിസ്തീർണ്ണത്തിൽ ഗ്രൂപ്പ് ബി ഗണത്തിൽപ്പെട്ട വിദ്യാഭ്യാസ കെട്ടിടം നിർമ്മിക്കുന്നതിന്, സമർപ്പിച്ചിരിക്കുന്ന പ്ലാനുകൾ അനുസരിച്ച് താഴെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി ചട്ടം5(6)(b) ലെ നിയമങ്ങൾക്കനുസൃതമായി ചട്ടം 30 Table 11(c)(2) പ്രകാരം ലേ-ഔട്ട് അംഗീകാരവും ടി. സ്ഥലത്തിന്റെ മേൽപ്പടി ഉപയോഗത്തിനുള്ള അംഗീകാരവും നൽകി ഉത്തരവാകുന്നു. പ്ലോട്ടിൽ 2629.83 വിസ്തീർണ്ണമുള്ള നിർമ്മാണങ്ങൾ നിലവിലുള്ളതായി പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആയവക്കും താഴെ പറയുന്നവയിൽ ബന്ധപ്പെട്ടത് ബാധകമാകുന്നതാണ്. പ്രസ്തുത പ്ലോട്ടിലെ നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള ലേ-ഔട്ട് ഉത്തരവ് TCPTSR/102/2021-C2 dt.08/09/2021, ലേ-ഔട്ട് നമ്പർ 34/21 ഇതിനാൽ റദ്ദാക്കിക്കൊണ്ടും ഉത്തരവാകുന്നു.

നിബന്ധനകൾ

1. നിർദ്ദിഷ്ട നിർമ്മാണം കെ.എം. ബി.ആർ-2019-ലെ മുഴുവൻ ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
2. കെ.എം.ബി.ആർ-2019 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ,

അളവുകൾ, അതിരുകൾ, സർവ്വെ നമ്പറുകൾ, വിസ്തീർണ്ണം, ഭൂമിയുടെ സ്വഭാവം, റവന്യൂ വിശദാംശങ്ങൾ എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

3. സമീപ പരിസ്ഥിതിക്ക് ഹാനികരമല്ലാത്ത രീതിയിൽ ഖരദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള ശാസ്ത്രീയ സജ്ജീകരണങ്ങൾ സജ്ജീകരിക്കേണ്ടതാണ്.
4. ഡയറക്ടർ ഓഫ് ഡിപ്പാർട്ട്മെൻറ് ഓഫ് ഫയർ & റെസ്ക്യൂ വകുപ്പിൽ നിന്നും മറ്റു ഏജൻസികളിൽ നിന്നും നിയമാനുസൃതം അനുമതി ലഭ്യമാക്കേണ്ടതാണ്.
5. നിർദ്ദിഷ്ട നിർമ്മാണവും, പ്രവർത്തനവും പരിസരപ്രദേശത്തെ ജനങ്ങളുടെ സ്വൈരജീവിതത്തെ ബാധിക്കുന്ന വിധത്തിലല്ലെന്നും ഉറപ്പുവരുത്തണം.
6. നിർമ്മാണ സമയത്ത് ആവശ്യമായ സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
7. പൊളിച്ചു നീക്കം ചെയ്യുന്ന കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ ചട്ടം 79(A) പ്രകാരം കൺസ്ട്രക്ഷൻ ആൻഡ് ഡിമോളിഷൻ ചട്ടങ്ങൾ -2016 ന് വിധേയമായിരിക്കണം.
8. സൈറ്റ് പ്ലാനിൽ നിലവിലുള്ളതായി രേഖപ്പെടുത്തിയ കെട്ടിടങ്ങളുടെ കെട്ടിടനമ്പർ ,വിസ്തൃതി ഇവ ബന്ധപ്പെട്ട രെജിസ്റ്ററുകൾ പരിശോധിച്ചു ശരിയാണ് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
9. പ്രസ്തുത നിർമ്മാണം തൃശ്ശൂർ കോർപ്പറേഷന്റെ അംഗികരിച്ച മാസ്റ്റർപ്ലാനിനും അനുബന്ധ ഭേദഗതികൾക്കും അനുസൃതമാണെന്ന ഉറപ്പ് വരുത്തേണ്ടതും പ്ലാൻ പ്രകാരം പ്ലോട്ടിന്റെ വടക്കുഭാഗത്തുള്ള റോഡിനു 25 മീറ്റർ വിഭാവനം ചെയ്തിട്ടുള്ള റോഡിന്റെ വീതിക്കനുസൃതമായ സ്ഥലം പ്ലോട്ടിൽ വേർതിരിച്ചിട്ടുണ്ടെന്നു ഉറപ്പ് വരുത്തേണ്ടതാണ്.
10. നിയമാനുസൃതം പാർക്കിങ്ങിനാവശ്യമായ സ്ഥലം ടി. പ്ലോട്ടിൽ തന്നെ ക്രമീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
11. ചട്ടം 29 (12) -പ്രകാരം ഇലക്ട്രിക്കൽ വാഹനങ്ങൾ ചാർജ് ചെയ്യുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നു ഉറപ്പു വരുത്തേണ്ടതാണ്.
12. സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള ഡ്രൈവെ അപ്രകാരം നിലനിർത്തിയിട്ടുണ്ടെന്നു ഉറപ്പുവരുത്തേണ്ടതാണ്.
13. പ്രസ്തുത പ്ലോട്ടിന്റെ പടിഞ്ഞാറുവശത്തുള്ള ഭൂമി അപേക്ഷകന്റെ ഉടമസ്ഥതയിൽ അല്ലെന്നു ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചു ഉറപ്പു വരുത്തേണ്ടതാണ്.
14. സൈറ്റ് പ്ലാനിൽ പൊളിച്ചു നീക്കം ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ പ്ലോട്ടിലെ അംഗീകൃതങ്ങളല്ലാത്ത നിർമ്മാണങ്ങൾ, അംഗീകൃത കെട്ടിടനമ്പർ No.1-(51/691) G+2-1011 M2 , No.2-(51/691) -G+2-820.80 $M^2$-എന്നിവയുടെ മുകളിൽ പൊളിച്ചു നീക്കം ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുള്ള ഷീറ്റ് റൂഫ് നിർമ്മാണം എന്നിവ ചട്ടം നിഷ്കർഷിക്കുന്ന വിധം യഥാസമയം പൊളിച്ചുനീക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
15. സൈറ്റ് പ്ലാനിൽ നിലവിലുള്ളതായി രേഖപ്പെടുത്തിയ കെട്ടിടങ്ങൾ No.1-(51/691) G+2-1011 $M^2$, No.2-(51/691) G+2-820.80 $M^2$ 3.G+1-380.16$M^2$, 4.G+2-408.69 $M^2$ എന്നിവ ബന്ധപ്പെട്ട രെജിസ്റ്ററുകൾ പരിശോധിച്ചു കെട്ടിടനമ്പർ, വിസ്തൃതി ഇവ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും അംഗീകൃതമല്ലാത്തതും അസ്സെസ്സ്മെന്റ് രജിസ്റ്റർ പ്രകാരം ശരിയല്ലാത്തതും കെട്ടിട നമ്പർ ഇല്ലാത്തതുമായ എല്ലാ നിർമ്മാണങ്ങളും ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിന് മുൻപ് നീക്കം ചെയ്യേണ്ടതാണ്.

TCPTSR/286/2022-C2

I/67993/2022

16. J2 സാക്ഷ്യപത്രത്തിലെ വിവരങ്ങൾ സെക്രട്ടറി ഉറപ്പുവരുത്തണം.
17. 2008 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം.
18. മേൽ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കണം.

ഈ ഉത്തരവ് നിർമ്മാണം തുടങ്ങുന്നതിനുള്ളതല്ല. നിർമ്മാണം തുടങ്ങുന്നതിനു മുമ്പ് നഗരസഭ സെക്രട്ടറിയിൽ നിന്നും കെട്ടിട നിർമ്മാണാനുമതി വാങ്ങിയിരിക്കണം.

സെക്രട്ടറി തൃശ്ശൂർ കോർപ്പറേഷൻ

(1 സെററ് പ്ലാൻ സഹിതം)

ജില്ലാ നഗരാസൂത്രകൻ

പകർപ്പ്- സിസ്റ്റർ സുപ്പീരിയർ, സെന്റ് ആൻസ് കോൺവെന്റ്, വെസ്റ്റ് ഫോർട്ട്, തൃശ്ശൂർ

Aproved COPY

31/8/2022

O/C